ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 18.03.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. **രാജ്യം തിരഞ്ഞെടുപ്പ് ചൂടിലേക്ക്. പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മൂന്ന് സംസ്ഥാനങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.**
   **The political parties started campaigns soon after election declaration. PM Narendra Modi to participate in rallies in three states.**

2. **2024 ലോക് സഭാ തിരഞ്ഞെടുപ്പ് രണ്ട് വ്യത്യസ്ത ആദർശങ്ങൾ തമ്മിലുള്ള പോരാട്ടമാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി.**
   **Loksabha election 2024 is a fight between two different ideologies said Congress leader Rahul Gandhi.**

3. **രാജ്യത്തെ ആദ്യ വലിയ സ്റ്റാർട്ടപ്പ് പ്രദർശനമേളയായ സ്റ്റാർട്ടപ്പ് മഹാകുംഭിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.**
   **Startup Mahakumbh, one of the biggest events showcasing the startup ecosystem of India is beginning from tomorrow.**

4. **ഓൺലൈൻ വാതുവെപ്പ് കേസിൽ ഛത്തീസ്ഗഡ് മുൻ മുഖ്യമന്ത്രി ഭൂപേഷ് ബഗേൽ ഉൾപ്പടെ 19 പേർക്കെതിരെ കേസെടുത്തു.**
   **The Chhattisgarh Economic Offences Wing (EOW) has lodged an FIR against 19 people including former chief minister Bhupesh Baghel, in connection with online betting scam.**

5. **വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്. ഡൽഹി ക്യാപിറ്റൽസിനെ തകർത്തത് 8 വിക്കറ്റിന്.**

**Royal Challengers Bangalore lifts the WPL cup after defeating Delhi Capitals for 8 wickets.**

****************************************************************

**HEADLINE-1**

## TELANGANA-PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തെലങ്കാനയിൽ തെരെഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിസംബോധന ചെയ്യും. ജഗതിയാലിൽ പ്രധാനമന്ത്രിയുടെ വിജയ സങ്കൽപ് സഭയ്ക്കുള്ള എല്ലാ ക്രമീകരണങ്ങളും ബിജെപി ഒരുക്കിയിട്ടുണ്ട്. രാവിലെ 11.30ന് ഗീതാ വിദ്യാലയം ഗ്രൗണ്ടിൽ നടക്കുന്ന പൊതുയോഗത്തിൽ നിസാമാബാദ്, കരിംനഗർ, പെദ്ദപ്പള്ളി പാർലമെന്റ് മണ്ഡലങ്ങളിലെ ബിജെപി സ്ഥാനാർഥികൾ പങ്കെടുക്കും. കഴിഞ്ഞ അഞ്ച് ദിവസത്തിനിടെ തെലങ്കാനയിൽ ശ്രീ മോദി നടത്തുന്ന മൂന്നാമത്തെ പരിപാടിയാണിത്. തെലങ്കാനയിലെ പരിപാടിക്ക് ശേഷം കർണ്ണാടകയിൽ ശിവമോഗയിൽ തിരഞ്ഞെടുപ്പ് റാലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. തുടർന്ന് വൈകിട്ട് തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ റോഡ് ഷോയിലും ശ്രീ. മോദി പങ്കെടുക്കും.

****************************************************************

## PM – PALAKKAD

ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വീണ്ടും കേരളത്തിലെത്തും. പാലക്കാട് നഗരത്തിൽ പ്രധാനമന്ത്രി റോഡ് ഷോ നടത്തും. രാവിലെ 10 മണിയോടെ ആരംഭിക്കുന്ന റോഡ് ഷോയുടെ ഭാഗമായി ഗതാഗത നിയന്ത്രണം ഉണ്ടാകും. മൂന്ന് മാസത്തിനിടെ ഇത് അഞ്ചാം തവണയാണ് പ്രധാനമന്ത്രി കേരളത്തിൽ എത്തുന്നത്. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനമാണിത്.

**********************************************************

**HEADLINE-2**

## PM ELECTION RALLY – (INTRO)

വിവിധ രാഷ്ട്രീയ പാർട്ടികൾ വൻ റാലികളോടെ ലോക് സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിച്ചു. തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചതിന് പിന്നാലെ മാതൃകാ പെരുമാറ്റച്ചട്ടവും നിലവിൽ വന്നു. പ്രചാരണത്തിനായി വിപുലമായ മാർഗനിർദേശങ്ങൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്.........**

## – (VOICE....)

ആന്ധ്രാപ്രദേശിലെ പൽനാട് ജില്ലയിൽ എൻഡിഎയുടെ ആദ്യ തിരഞ്ഞെടുപ്പ് റാലിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്തു. പ്രാദേശിക വികസന ലക്ഷ്യങ്ങളും ദേശീയപുരോഗതിയും മനസ്സിൽ വെച്ചാണ് എൻഡിഎ സഖ്യം മുന്നോട്ട് പോകുന്നതെന്ന് ശ്രീ മോദി പറഞ്ഞു. വികസിത ഇന്ത്യക്കായി വികസിത ആന്ധ്രാപ്രദേശ് കെട്ടിപ്പടുക്കുകയാണ് എൻഡിഎയുടെ ശ്രമമെന്നും അദ്ദേഹം പറഞ്ഞു. ആന്ധ്രാപ്രദേശിൽ എൻഡിഎയുടെ ഇരട്ട എൻജിൻ സർക്കാർ വരുന്നതോടെ വികസനത്തിന് കൂടുതൽ ഊർജം ലഭിക്കുമെന്ന് മോദി പറഞ്ഞു. കർഷകരുടെ ചെറിയ ആവശ്യങ്ങളിൽപോലും സർക്കാർ ശ്രദ്ധ ചെലുത്തുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. തന്റെ സർക്കാരിന്റെ കാലത്ത് നിരവധി പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉദ്ഘാടനം ചെയ്യപ്പെടുകയോ തറക്കല്ലിടുകയോ ചെയ്തിട്ടുണ്ടെന്നും ശ്രീ മോദി വ്യക്തമാക്കി. തെലുഗു ദേശം പാർട്ടി അധ്യക്ഷൻ എൻ ചന്ദ്രബാബു നായിഡു അടക്കം നേതാക്കൾ റാലിയിൽ പങ്കെടുത്തു. അതേസമയം, കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ ഭാരത് ജോഡോ ന്യായ് സങ്കല്പ് യാത്ര ഇന്നലെ മുംബൈയിൽ സമാപിച്ചു. രണ്ട് വ്യത്യസ്ത ആദർശങ്ങൾ

തമ്മിലുള്ള പോരാട്ടമാണ് വരുന്ന ലോക് സഭാ തിരഞ്ഞെടുപ്പിൽ കാണാൻ പോകുന്നതെന്ന് രാഹുൽഗാന്ധി പറഞ്ഞു.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

**************************************************************

## ADD RAHUL GANDHI- MUMBAI

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നയിച്ച 63 ദിവസം നീണ്ടുനിന്ന ഭാരത് ജോഡോ ന്യായ് യാത്ര മുംബൈയിൽ സമാപിച്ചു. ശിവാജി പാർക്കിൽ **I.N.D.I.A** കൂട്ടായ്മയുടെ റാലിയെ അഭിസംബോധന ചെയ്ത ശ്രീ രാഹുൽ ഗാന്ധി ഡോ. ബി ആർ അംബേദ്കറുടെ സ്മാരകമായ ചൈത്യഭൂമിയിൽ സ്മരണാഞ്ജലികൾ അർപ്പിക്കുകയും ഭരണഘടനയുടെ ആമുഖം വായിക്കുകയും ചെയ്തു. രാജ്യത്തെ അലട്ടുന്ന യഥാർത്ഥ പ്രശ്നങ്ങൾ മാധ്യമങ്ങൾ അവഗണിക്കുന്നതിനാലാണ് തനിക്ക് ഭാരത് ജോഡോ യാത്ര ഏറ്റെടുക്കേണ്ടി വന്നതെന്ന് അദ്ദേഹം പറഞ്ഞു. എൻസിപി അധ്യക്ഷൻ ശരദ് പവാർ, ശിവസേന അധ്യക്ഷൻ ഉദ്ധവ് താക്കറെ, തമിഴ്നാട് മുഖ്യമന്ത്രിയും ഡിഎംകെ അധ്യക്ഷനുമായ എം കെ സ്റ്റാലിൻ, ജാർഖണ്ഡ് മുഖ്യമന്ത്രിയും ജെഎംഎം നേതാവുമായ ചംബൈ സോറൻ, ഉൾപ്പെടെ പ്രമുഖ നേതാക്കൾ റാലിയിൽ പങ്കെടുത്തു.

**************************************************************

**HEADLINE-3**

## STARTUP MAHAKUMBH

ഇന്ത്യയുടെ സ്റ്റാർട്ടപ്പ് മേഖലയുടെ ഏറ്റവും വലിയ പ്രദർശനമായ സ്റ്റാർട്ടപ്പ് മഹാകുംഭ് ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. മൂന്ന് ദിവസം ഭാരത് മണ്ഡപത്തിലാണ് പരിപാടി. രാജ്യതലസ്ഥാനത്ത് ഇത്തരത്തിൽ സംഘടിപ്പിക്കുന്ന ആദ്യ പരിപാടിയാണ് സ്റ്റാർട്ടപ്പ് മഹാകുംഭ്. പ്രധാനമന്ത്രി നരേന്ദ്രമോദി ചടങ്ങിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഡിപിഐഐടി സെക്രട്ടറി രാജേഷ് കുമാർ സിംഗ് പറഞ്ഞു.

രണ്ടായിരത്തിലധികം സ്റ്റാർട്ടപ്പുകൾ, മുപ്പതിനായിരം നൂതന സംരംഭകർ, അൻപതിനായിരം വാണിജ്യ പ്രതിനിധികൾ, നിക്ഷേപകർ, പത്ത് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ സ്റ്റാർട്ടപ്പ് മഹാകുംഭിൽ പങ്കെടുക്കും.

**************************************************************

## CHANDIGARH ELECTION

ചണ്ഡീഗഢ് പാർലമെന്റ് മണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പ് ജൂൺ ഒന്നിന് നടക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ കൃത്യമായി പാലിക്കണമെന്നും അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാണമന്നും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. അതേസമയം ജൂൺ നാലിന് നടത്താനിരുന്ന അരുണാചൽ, സിക്കിം നിയമസഭകളിലേക്കുള്ള വോട്ടെണ്ണൽ ജൂൺ രണ്ടിലേക്ക് മാറ്റിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇരുനിയമസഭകളുടെയും കാലാവധി ജൂൺ രണ്ടിന് അവസാനിക്കുന്നതിനാലാണ് വോട്ടെണ്ണൽ നേരത്തെയാക്കിയത്.

**************************************************************

## EC ELECTORAL BONDS

ഇലക്ടറൽ ബോണ്ടുകൾ സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്ന് ഡിജിറ്റൽ രൂപത്തിൽ ലഭിച്ച വിവരങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സുപ്രീംകോടതി നിർദേശപ്രകാരം മുദ്രവച്ച കവറിൽ രാഷ്ട്രീയ പാർട്ടികൾ സമർപ്പിച്ച ഇലക്ടറൽ ബോണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ കവറുകൾ തുറക്കാതെ സുപ്രീം കോടതിക്ക് കൈമാറുകയായി രുന്നുവെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം കോടതിയുടെ രജിസ്ട്രി തിരികെ നൽകിയ രേഖകളിൽ ഡിജിറ്റൽ രൂപത്തിലുള്ള വിവരങ്ങളാണ് കമ്മീഷൻ പ്രസിദ്ധീകരിച്ചത്.

*********************************************************

## NIA-ISIS

പൂണെ ഐ.എസ്.ഐ.എസ് കേസ് പ്രതികളുമായി ബന്ധപ്പെട്ട പാർപ്പിടങ്ങളും ഫ്ളാറ്റുകളും ഉൾപ്പെടെ നാല് സ്ഥാവര സ്വത്തുക്കൾ ദേശീയ അന്വേഷണ ഏജൻസി കണ്ടുകെട്ടി. കണ്ടുകെട്ടിയ സ്വത്തുക്കൾക്ക് കേസിലുൾപ്പെട്ട പ്രതികളുമായി ബന്ധമുള്ളതായി എൻഐഎ പ്രസ്താവനയിൽ പറഞ്ഞു. സ്ഫോടക വസ്തുക്കളുടെ നിർമാണത്തിനും ഭീകരവാദ പ്രവർത്തനങ്ങളുടെ പരിശീലനത്തിനും ആസൂത്രണത്തിനും വേണ്ടിയാണ് ഇവ ഉപയോഗിച്ചിരുന്നതെന്ന് NIA വ്യക്തമാക്കി. മഹാരാഷ്ട്ര, ഗുജറാത്ത് ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആക്രമണം നടത്താനുള്ള ഗൂഢാലോചനയുമായി ബന്ധപ്പെട്ടതാണ് ഈ കേസെന്നും എൻഐഎ പറഞ്ഞു.

*********************************************************

**HEADLINE-4**

## CHHATTISGARH ONLINE BETTING FIR

മഹാദേവ് ബുക്ക് ഓൺലൈൻ വാതുവെപ്പ് തട്ടിപ്പു കേസുമായി ബന്ധപ്പെട്ട് ഛത്തീസ്ഗഡ് മുൻ മുഖ്യമന്ത്രി ഭൂപേഷ് ബഗേൽ ഉൾപ്പടെ 19 പേർക്കെതിരെ ഛത്തീസ്ഗഢ് സാമ്പത്തിക കുറ്റകൃത്യ വിഭാഗം കേസെടുത്തു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമർപ്പിച്ച അപേക്ഷയെ തുടർന്നാണ് കേസ് . അഴിമതി നിരോധന നിയമത്തിലെ വഞ്ചന, ക്രിമിനൽ ഗൂഢാലോചന, വ്യാജരേഖ ചമയ്ക്കൽ തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് പ്രതികൾക്കെതിരെ കേസെടുത്തിരിക്കുന്നത്. അനധികൃത വരുമാനം ഷെൽ കമ്പനികളിലും ഓഹരി വിപണികളിലും നിക്ഷേപിച്ചതായും ആരോപണമുണ്ട് . അതേസമയം, രാഷ്ട്രീയ പകപോക്കൽ മൂലമാണ് തനിക്കെതിരെ കേസ് എടുത്തതെന്ന് ഭൂപേഷ് ബഗേൽ പ്രതികരിച്ചു.

*********************************************************

## ED-KEJRIWAL

ഡൽഹി ജൽ ബോർഡ് ക്രമക്കേടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‍രിവാളിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ സമൻസ്. ഇന്ന് അന്വേഷണ ഏജൻസിക്ക് മുമ്പാകെ ഹാജരാകാനാണ് നിർദേശം. കള്ളപ്പണം വെളുപ്പിക്കൽ നിരോധനനിയമപ്രകാരം കെജ്രിവാളിനെതിരായ രണ്ടാമത്തെ കേസാണിത്. ഇതുമായി ബന്ധപ്പെട്ട് മറ്റൊരു സമൻസും ഇ.ഡി അയച്ചിട്ടുണ്ട്. ഇതുപ്രകാരം ഈ മാസം 21-ന് അന്വേഷണ ഏജൻസിക്ക് മുന്നിൽ ഹാജരാകണം. ഡൽഹി ഗവണ്മെന്റ് നൽകിയ കരാറുമായി ബന്ധപ്പെട്ട് ലഭിച്ച കൈക്കൂലി ആം ആദ്മി പാർട്ടിക്ക് സംഭാവനയായി നൽകിയതായാണ് ഇ ഡി യുടെ ആരോപണം.

********************************************************

## MUMBAI BLASTS-COMPENSATION

1992-ലെ മുംബൈ കലാപത്തിലും 1993-ലെ സ്ഫോടനങ്ങളിലും കൊല്ലപ്പെടുകയോ കാണാതാവുകയോ ചെയ്തവരുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ മഹാരാഷ്ട്ര സർക്കാർ ആരംഭിച്ചു. 1992 ഡിസംബറിലെ വർഗീയ കലാപത്തിലും 1993 മാർച്ചിൽ മുംബൈയിൽ നടന്ന ബോംബ് സ്ഫോടനത്തിലും മരിച്ചവരുടെയോ കാണാതായവരുടെയോ അവകാശികളെ കണ്ടെത്തി പലിശ സഹിതം നഷ്ടപരിഹാരം നല്കാൻ മഹാരാഷ്ട്ര സർക്കാരിനോട് സുപ്രീം കോടതി ഉത്തരവിട്ടിരുന്നു.

********************************************************

## NAVY PIRATES

അറബിക്കടലിൽ, സോമാലിയൻ കടൽക്കൊള്ളക്കാരുടെ നിയന്ത്രണത്തിലായിരുന്ന വാണിജ്യകപ്പലിലെ 17 ജീവനക്കാരെ ഇന്ത്യൻ നാവികസേനാ രക്ഷപ്പെടുത്തി. ഐഎൻഎസ് കൊൽക്കത്ത യുദ്ധക്കപ്പൽ നടത്തിയ 40 മണിക്കൂർ നീണ്ട ഓപ്പറേഷനിൽ 35 കടൽക്കൊള്ളക്കാരെ നാവികസേന കസ്റ്റഡിയിൽ എടുത്തു. ജീവനക്കാരെയും പിടിയിലായ കടൽ കൊള്ളക്കാരെയും ഇന്ത്യയിലേയ്ക്ക് കൊണ്ടുവരുമെന്നു നാവികസേനാ ഉദ്യോഗസ്ഥർ അറിയിച്ചു. ഏകദേശം **37,800** ടൺ ചരക്ക് വഹിക്കുന്ന വ്യാപാരക്കപ്പലും ഇന്ത്യയിലേക്ക് കൊണ്ടുവരും.

*************************************************************

## CAA SIKH COMMUNITY

പൗരത്വ ഭേദഗതി നിയമം നടപ്പാക്കിയതിന് സിഖ് സമുദായത്തിൽ നിന്നുള്ള പ്രതിനിധികൾ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി അറിയിച്ചു. ഈ നിയമം രാജ്യ സുരക്ഷയെ ബാധിക്കുമെന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ പരാമർശത്തെ അവർ വിമർശിച്ചു. സിഎഎ നടപ്പാക്കിയതിൽ അതിയായ സന്തോഷമുണ്ടെന്നും ഇതിന് പ്രധാനമന്ത്രി മോദിക്ക് നന്ദി പറയുമെന്നും ഗുരുദ്വാര മേധാവി ഗുർദീപ് കൗർ പറഞ്ഞു. ലോക്‌സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പൗരത്വ ഭേദഗതി നിയമത്തിന്റെ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തത്.

*************************************************************

**HEADLINE-5**

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്. ഫൈനലിൽ ഡൽഹി ക്യാപിറ്റൽസിനെ 8 വിക്കറ്റിന് തകർത്താണ് ബംഗളുരുവിന്റെ വിജയം. ആദ്യം ബാറ്റ് ചെയ്ത ഡൽഹി 113 റൺസ് നേടി എല്ലാവരും പുറത്താവുകയായിരുന്നു. 12 റൺസ് വഴങ്ങി 4 വിക്കറ്റ് വീഴ്ത്തിയ ചലഞ്ചേഴ്സിന്റെ ശ്രേയങ്ക പാട്ടീലാണ് ഡൽഹിയെ തകർത്തത്. മലയാളി താരം ആശ ശോഭന 14 റൺസ് വഴങ്ങി രണ്ട് വിക്കറ്റും വീഴ്ത്തി.

*****************************************************************

## WEATHER KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ ഈ മാസം 20 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് അറിയിച്ചു.

*****************************************************************

## CUET-UG

നാഷണൽ ടെസ്റ്റിംഗ് ഏജൻസി മെയ് 15 നും 31 നും ഇടയിൽ നടത്താനിരുന്ന CUET-UG പരീക്ഷകൾ യഥാസമയം നടത്തുമെന്ന് യുജിസി ചെയർപേഴ്സൺ എം ജഗദേഷ് കുമാർ

അറിയിച്ചു. അതേസമയം മേയ് 13 നും 25 നും തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ അന്ന് നടത്താനിരുന്ന പരീക്ഷകൾ മാത്രം മറ്റൊരു ദിവസത്തേക്ക് മാറ്റും. തീയതി പിന്നീട് അറിയിക്കും. അപേക്ഷ നൽകാനുള്ള അവസാന തീയതി മാർച്ച് 26-നാണ്.

*************************************************************

## INDIA MALDIVES HLCG

ഇന്ത്യൻ വ്യോമയാന പ്ലാറ്റ്ഫോമുകളുടെ തുടർപ്രവർത്തനം സാധ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഇന്ത്യ-മാൽദ്വീവ്സ് അവലോകന യോഗം മാലിയിൽ നടന്നു. ഉഭയകക്ഷി സഹകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളും യോഗത്തിൽ ചർച്ചയായി. ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും വർധിപ്പിക്കാനും ഇരു രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനുമുള്ള ശ്രമങ്ങളിൽ ചർച്ച ശ്രദ്ധ കേന്ദ്രീകരിച്ചു. മാൽദ്വീവ്സിൽ ഉണ്ടായിരുന്ന ഇന്ത്യൻ സൈനിക ഉദ്യോഗസ്ഥർക്ക് പകരം സാങ്കേതിക ഉദ്യോഗസ്ഥരുടെ ആദ്യ ബാച്ചിനെ നിയമിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*********************************************

*******************************

*****************